**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **31-08-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുന്ന ചികിത്സാ സഹായപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കി വരുന്ന ചികിത്സാ സഹായപദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ചികിത്സാ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ശ്രുതിതരംഗം പദ്ധതി – 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

മാനദണ്ഡം

- 0–5 വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.
- കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- സ്ഥിരമായി സ്പീച്ച്തെറാപ്പി നടത്തുവാൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

2. മെയിന്റനൻസ് പദ്ധതി – 14.02.2020 തീയതിയിലെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് ചെയ്ത് നൽകി വരുന്നു.

മാനദണ്ഡം

- കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.
- 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം
- കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം
- കേരളത്തിലുള്ളവരായിരിക്കണം
- നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ (ആധാർ/ വരുമാന സർട്ടിഫിക്കറ്റ്) സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.
- ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
- ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേടു കൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

- ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ച കഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

3. വീകെയർ പദ്ധതി – വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു. അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ പദ്ധതി പ്രകാരം നൽകി വരുന്നു.

മാനദണ്ഡം

- അപേക്ഷകൻ ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- വീകെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൻ മേൽ അന്വേഷണം നടത്തുകയും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീകെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.
- വീകെയർ പദ്ധതിയിൽ അപേക്ഷിക്കുന്നതിനായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം റേഷൻകാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സ സംബന്ധിച്ച രേഖകൾ എന്നിവയുടെ പകർപ്പ് തപാൽ മുഖേനയോ നേരിട്ടോ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്

4. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)–. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് "മിഠായി". ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കുകൾ ഇല്ലാത്ത ബാക്കി 9 ജില്ലകളിൽ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

മാനദണ്ഡം

- ടി പദ്ധതി അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ് സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.
- അപേക്ഷകൻ/ രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

- Type 1 ഡയബറ്റിസ് രോഗ നിർണ്ണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

- ചികിത്സ ആരംഭിക്കുന്നതിന് മുൻപ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.

- കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.

- നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ് സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കി വരുന്ന ചികിൽസാധനസഹായ പദ്ധതി കൾ ചുവടെ ചേർക്കുന്നു.**

**1.ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം**

2020-21 സാമ്പത്തിക വർഷം മുതൽ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ് മാൻ വിഭാഗത്തിന് പരമാവധി 5 ലക്ഷം രൂപയും ട്രാൻസ് വുമൺ വിഭാഗത്തിന് പരമാവധി2.5 ലക്ഷം രൂപയുമായി ധനസഹായം അനുവദിച്ചുവരുന്നു.

**നിബന്ധനകൾ:**

- അപേക്ഷകന് ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (ആധാർ) എന്നിവ ഉണ്ടായിരിക്കണം.
- ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട്, ബില്ലുകൾ, ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.
- ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാ ഘട്ടങ്ങളും പൂർത്തികരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.

**അപേക്ഷ സ്വീകരിക്കലും തുടർ നടപടികളും**

നടപ്പ് സാമ്പത്തിക വർഷം സുനീതി പോർട്ടൽ വഴിയാണ് അപേക്ഷ സ്വീകരിക്കുന്നതും സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേനയാണ് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നത്. അപേക്ഷകൾ ടെക്നിക്കൽ കമ്മറ്റി വിലയിരുത്തി അർഹമായ തുക അനുവദിക്കുന്നതാണ്. ധനസഹായ തുക വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതായിരിക്കും.

**2.ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി**

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ്12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ ചിലവുകൾക്കുമായി3000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. ടി പദ്ധതിക്ക് സ ഉ(സാ ധാ)നം 652/2018/സാ നീ വ തീയതി 14/11/2018 ഉത്തരവ് പ്രകാരം 18-40 വരെ പ്രായപരിധിയാണ് നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 40 വയസ്സിനു മേൽ പ്രായമുള്ള നിരവധി വ്യക്തികൾ സർജറിക്ക് വിധേയരാകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ 9 വ്യക്തികളുടെ അപേക്ഷ പ്രായപരിധി കാരണം ടെക്നിക്കൽ കമ്മറ്റി നിരസിച്ചിട്ടുണ്ട് ടെക്നിക്കൽ കമ്മറ്റി തീരുമാനപ്രകാരം ടി വ്യക്തികൾക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനും ടി പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രായപരിധി സംബന്ധിച്ച മാനദണ്ഡത്തിൽ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിലേക്കും സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിലേക്ക് 07/04/2022 ന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**നിബന്ധനകൾ:**

- അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ID കാർഡ് ഉണ്ടായിരിക്കണം.
- മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ(ആധാർ) ഉണ്ടായിരിക്കണം.

• പ്രായപരിധി 18 നും 40 നും മദ്ധ്യേ

**അപേക്ഷ സ്വീകരിക്കലും തുടർ നടപടികളും**

ശസ്ത്രക്രിയയുടെ തീയതി മുതൽ ഒരു വർഷത്തേക്ക് (12 മാസം) മാത്രമാണ് ധനസഹായം അനുവദിക്കുക ധനസഹായ തുക വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതായിരിക്കുംനടപ്പ് സാമ്പത്തിക വർഷം സുനീതി പോർട്ടൽ വഴിയാണ് അപേക്ഷ സ്വീകരിക്കുന്നതും സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേനയാണ് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നത്.

## വികലാംഗ ദുരിതാശ്വാസനിധിയിൽ നിന്നു നൽകുന്ന ചികിത്സാ ധനസഹായ പദ്ധതി

അപേക്ഷകർ ചുവടെ വിവരിക്കുന്ന വൈകല്യമുള്ളവരായിരിക്കണം:-

1. അന്ധത
2. ബധിരത / മൂകബധിരത
3. അസ്ഥിസംബന്ധമായ വൈകല്യം
4. ബുദ്ധി വൈകല്യം
5. 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. കുടുംബവാർഷിക വരുമാനം കാണിച്ചുകൊണ്ടുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (അസ്സൽ)
2. കുടുംബവാർഷിക വരുമാനം (ഗ്രാമം-20,000/- രൂപയ്ക്ക് താഴെ, നഗരം 22,375/- രൂപയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു.
3. ചികിത്സ ആവശ്യമാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ് (അസ്സൽ)
4. അംഗപരിമിത സർട്ടിഫിക്കറ്റിൻറെ പകർപ്പ്
5. റേഷൻ കാർഡിൻറെ പകർപ്പ്
6. ആധാർ/ ഇലെക്ഷൻ ഐ.ഡി കാർഡിന്റെ പകർപ്പ്
7. വികലാംഗത്വ സർട്ടിഫിക്കറ്റ്

**ഭിന്നശേഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന പരിരക്ഷ പദ്ധതി**

പരിരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ചുവടെ ചേർത്തിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**ജില്ലാ കളക്ടർ / പ്രതിനിധി- ചെയർമാൻ**
**ജില്ലാ സാമൂഹ്യനീതി ഓഫീസർ - കൺവീനർ**
**ജില്ലാ മെഡിക്കൽ ഓഫീസർ/ പ്രതിനിധി - മെമ്പർ**
**ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ (Dy.SP) - പ്രതിനിധി**
**ഡെൽസാ പ്രതിനിധി - മെമ്പർ**

ഭിന്നശേഷിക്കാരുടെ സംഘടനയിലെ 2 പ്രതിനിധികൾ -മെമ്പർ

1. സ്ത്രീ /പുരുഷ/ ട്രാൻസ്ജെൻഡർ ഭേദമന്യേ എല്ലാ ഭിന്നശേഷിക്കാർക്ക് പ്രസ്തുത സേവനം ലഭ്യമാക്കേണ്ടതാണ്.

2. അടിയന്തര സാഹചര്യത്തിൽ നൽകുന്ന സേവനം ആയതിനാൽ ദാരിദ്ര്യരേഖ പരിധി വേർതിരിവ് ഒഴിവാക്കേണ്ടതാണ്.

3. അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം നൽകൽ എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.

4. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർ അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന ഭിന്നശേഷിക്കാർ സുരക്ഷിതമായി പുനരധിവാസകേന്ദ്രത്തിൽ എത്തിക്കുന്നതിനും അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും വസ്ത്രത്തിനും വിനിയോഗിക്കാവുന്നതാണ്.

5. പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന ഭിന്നശേഷിക്കാർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് വിനിയോഗിക്കാവുന്നതാണ്.

6. ആസിഡ് ആക്രമണമോ മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

7. ഭിന്നശേഷിക്കാരുടെ ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

8. വളരെ അത്യാവശ്യഘട്ടങ്ങളിൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ ഭിന്നശേഷിക്കാരുടെ അടിയന്തിരാവശ്യങ്ങൾ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

9. ആകെ ചിലവാക്കുന്ന തുകയിൽ 25,000/- രൂപവരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാകാതെ ചെലവാക്കാവുന്നതും ആയതിനു മുകളിലുള്ള ചെലവിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി മുൻകൂർ ലഭ്യമാക്കിയിരിക്കേണ്ടതുമാണ്.

10. 40 ശതമാനത്തിനു മുകളിൽ വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളവർക്കും മാത്രം മേൽ സേവനം നൽകിയാൽ മതിയാകുന്നതാണ്.

11. പ്രാഥമിക ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

വയോജനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ചികിൽസാ സഹായപദ്ധതികൾ ചുവടെ ചേർക്കുന്നു.

## 1.വയോഅമൃതം പദ്ധതി

### പദ്ധതി മാനദണ്ഡം

കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വൃദ്ധ/അഗതി മന്ദിരങ്ങളിലെ എല്ലാ താമസക്കാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## 2. വയോമധുരം പദ്ധതി

പദ്ധതി മാനദണ്ഡങ്ങൾ

1. അപേക്ഷകൻ/അപേക്ഷക പ്രമേഹ രോഗിയാണെന്ന് അംഗീകൃത ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക മുൻ വർഷങ്ങളിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കരുത്
3. അപേക്ഷകൻ / അപേക്ഷക 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരായിരിക്കണം
4. അപേക്ഷകൻ/അപേക്ഷക ബി.പി.എൽ വരുമാന പരിധിയിൽ ഉൾപ്പെട്ട ആളാകണം.

## 3. വയോരക്ഷ പദ്ധതി

പദ്ധതി മാനദണ്ഡങ്ങൾ

1. BPL കുടുംബങ്ങളിലെ മുതിർന്ന പൗരൻമാർക്ക് പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ്.
2. അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.
3. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന മുതിർന്ന പൗരൻമാരെയോ അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന മുതിർന്ന പൗരൻമാരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, ആയതിനു മുൻപായുള്ള മെഡിക്കല് പരിശോധന, ഭക്ഷണം എന്നിവയ്ക്കും തുക വിനിയോഗിക്കാവുന്നതാണ്.
4. എൽഡർ ലൈൻ പദ്ധതി വഴിയും മറ്റും കണ്ടെത്തുന്ന ഇത്തരം വയോജനങ്ങളെ പുനരധിവസിപ്പിക്കുന്നത് സർക്കാർ ഗ്രാന്റ് നൽകാത്ത വൃദ്ധസദനങ്ങളിലാണെങ്കിൽ, പ്രസ്തുത സന്നദ്ധ സംഘടനകൾക്ക് ഇവരുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 1500/- രൂപ വീതം ഫീൽഡ് റെസ്പോൺസ് ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാറി നൽകാവുന്നതാണ്. ഇപ്രകാരം

പുനരധിവസിപ്പിക്കപ്പെടുന്ന വയോജനങ്ങളുടെ ചികിത്സാ ചെലവുകളും ടി പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. ഇത്തരത്തില് തുക അനുവദിക്കുന്നതിന് മുൻപായി ടിയാളുടെ വ്യക്തിവിവരങ്ങൾ, കുടുംബ പശ്ചാത്തലം എന്നിവ സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തി ടി വിവരങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തി, കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംരക്ഷണ ചെലവ് സ്ഥാപനത്തിന് അനുവദിച്ച് നൽകേണ്ടതാണ്. ഇത്തരം കേസുകളിൽ MWPSC ആക്ട് 2007 ന്റെ വ്യവസ്ഥകൾ പ്രകാരം മുതിർന്ന പൗരന്റെ സംരക്ഷണ ചുമതലയുള്ള ബന്ധുക്കൾ ഉള്ളതായി കണ്ടെത്തിയാൽ ടി വ്യക്തികൾക്ക് വയോരക്ഷ പദ്ധതിയിൽ നിന്നും സംരക്ഷണ ചെലവ് അനുവദിക്കുവാൻ പാടില്ല. MWPSC ആക്ട് 2007 പ്രകാരം മെയിന്റനൻസ് തുക ലഭ്യമാക്കിയാൽ മതിയാകും.

5. പ്രകൃതി ദുരന്തത്തിനിരയാകുന്ന മുതിർന്ന പൗരൻമാർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
6. മുതിർന്ന പൗരൻമാർക്കെതിരെയുള്ള അക്രമണങ്ങൾ, മറ്റ് ഗുരുതരമായ അപകടം, പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
7. ആംബുലൻസ് സർവ്വീസ് ഏജൻസികളുമായി ബന്ധപ്പെട്ട് അടിയന്തിര ഘട്ടത്തിൽ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
8. മുതിർന്ന പൗരൻമാരുടെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
9. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെ അനാഥരായ മുതിർന്ന പൗരൻമാരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായോ, മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.
10. പ്രാഥമിക ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
11. ഐ.പി ചികിത്സ ലഭ്യമാക്കേണ്ട സാഹചര്യങ്ങളിൽ (അടിയന്തിര ചികിത്സ,

ശസ്ത്രക്രിയ തുടങ്ങിയവ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തി റൂം വാടക അനുവദിയ്ക്കാവുന്നതാണ്.

12. അടിയന്തിര ഘട്ടങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം തുക വിനിയോഗിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് 10,000/- രൂപ വീതം മുൻകൂറായി അനുവദിച്ച് നൽകാവുന്നതാണ്.